നം.ക്യു.ഐ.പി(2)/23000/16/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി 16.04.2016

# സർക്കുലർ

സർ,

വിഷയം :- പൊ.വി. - ഹെഡ്മാസ്റ്റർമാർക്കുള്ള പൊതുനിർദ്ദേശങ്ങൾ - സംബ ന്ധിച്ച്.

സൂചന :-

സംസ്ഥാനത്തെ സ്കൂൾ അധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

## I) അവധിക്കാല അധ്യാപക പരിശീലനം

ഒന്നിലധികം വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകരെ കഴിഞ്ഞവർഷം അവധിക്കാല അധ്യാപക പരിശീലനത്തിൽ പങ്കെടുത്ത നേടിയ വിഷയം ഒഴിവാക്കി, മറ്റ് വിഷയത്തിന്റെ അധ്യാപക പരിശീലനത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

എല്ലാ അധ്യാപകരും നിർബന്ധമായും അധ്യാപക പരിശീലനത്തിൽ പങ്കെടുക്കുന്നുവെന്ന് പ്രഥമാധ്യാപകൻ ഉറപ്പുവരുത്തേണ്ടതാണ്.

## II) ടൈംടേബിൾ ക്രമീകരണങ്ങൾ

ഐ.റ്റി പ്രാക്ടിക്കൽ പീരിഡുകൾ ക്ലബ്ബ് ചെയ്യുന്നതിനായി അടുത്തടുത്ത പീരിഡുകളിലാക്കി ടൈംടേബിൾ ക്രമീകരിക്കേണ്ടതാണ്.

അധ്യാപക പരിശീലനത്തിൽ പങ്കെടുത്ത വിഷയം പഠിപ്പിക്കുന്നതിന് അധ്യാപകർക്ക് അവസരമൊരുക്കേണ്ടതാണ്.

## III) പ്രവേശനോത്സവം

2016-17 അധ്യയന വർഷത്തെ 'പ്രവേശനോത്സവം' ഉത്സവമാക്കി നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. പ്രസംഗങ്ങൾ ഒഴിവാക്കുകയും കുട്ടികൾക്ക് രസകരമായ അനുഭവങ്ങൾ ലഭിക്കുന്ന പ്രവർത്തനങ്ങൾ പ്രവേശനോത്സവത്തിൽ

ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായുള്ള അസംബ്ലി അരമണിക്കൂറിൽ അധികരിക്കാത്ത രീതിയിൽ ക്രമീകരിക്കേണ്ടതുമാണ്.

## IV) അധ്യാപകരുടെ മറ്റ് ഡ്യൂട്ടികൾ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി ഇല്ലാതെ അധ്യാപകരെ ട്രെയിനിംഗ് ഉൾപ്പെടെയുള്ള മറ്റ് ഡ്യൂട്ടികൾക്ക് നിയോഗിക്കരുത്. വകുപ്പിന്റെ അനുമതിയില്ലാതെ അധ്യാപകർ മറ്റ് ഡ്യൂട്ടികളിലോ പരിശീലനങ്ങളിലോ പങ്കെടുക്കുന്നുവെങ്കിൽ അത് ഡിപ്പാർട്ട്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ആ കാലയളവ് അനംഗീകൃത അവധിയായി കണക്കാക്കേണ്ടതുമാണ്. 200 അധ്യയന ദിവസങ്ങൾ (1000 മണിക്കൂർ) പഠനസമയം ലഭിക്കത്തക്ക രീതിയിൽ നിർബന്ധമായും ക്ലാസ്സുകൾ ക്രമീകരിക്കേണ്ടതാണ്. നഷ്ടപ്പെടുന്ന മണിക്കൂറുകൾ/ദിവസങ്ങൾ കണ്ടെത്തി പഠനസമയം ക്രമീകരിക്കേണ്ടത് പ്രധാനാധ്യാപകന്റെ ഉത്തരവാദിത്തമാണ്. പൂർത്തിയാക്കിയ പഠന മണിക്കൂറുകൾ/ദിവസങ്ങൾ, എല്ലാ ദിവസവും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്കായി ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടത് പ്രധാനാധ്യാപകന്റെ ചുമതലയാണ്.

## V) സൂപ്പർവിഷൻ ഡയറി

കെഇആർ ചാപ്റ്റർ 9 (14) പ്രകാരം പ്രധാന അധ്യാപകർ നിർബന്ധമായും അധ്യാപകരുടെ ക്ലാസ്സ് മോണിറ്റർ ചെയ്യേണ്ടതും സൂപ്പർവിഷൻ ഡയറി തയ്യാറാക്കേണ്ടതുമാണ്. ഉന്നത പരിശോധനയിൽ സൂപ്പർ വിഷൻ ഡയറി തയ്യാറാക്കാത്തതായി കാണുന്ന പ്രഥമാധ്യാപകർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3) എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (വിദ്യാഭ്യാസ ആഫീസർമാർ മുഖേന)
4) ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി
5) ഡയറക്ടർ, എസ്.എസ്.എ
6) ഡയറക്ടർ സീ-മാറ്റ്
7) ഡയറക്ടർ, ആർ.എം.എസ്.എ

(4–7) നിർദ്ദേശം IV അറിവിലേയ്ക്കായി